കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് ബഡ്ജറ്റ് സംഗ്രഹം 20222023

കാർഷിക സാമൂഹ്യ സേവന - പശ്ചാത്തല വികസന മേഖലകളിൽ വൻകുതിപ്പിന് വഴിയൊരുക്കി, അടിസ്ഥാന വിഭാഗങ്ങൾക്ക് കരുതൽ നൽകിയും , സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് മികച്ച പരിഗണനയും , കാലത്തിനനുയോജ്യമായ നൂതനവും ദീർഘ ദൃഷ്ടിയോടുള്ളതും ഭാവനാപൂർണ്ണവുമായ പദ്ധതികളാണ് 20222023 വർഷത്തേക്കുള്ള ബജറ്റിൽഉൾപ്പെടുത്തിയിരിക്കുന്നത്.

2021-22 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് - 1,04,28,204

2022-2023 സാമ്പത്തിക വർഷത്തെ പ്രതീക്ഷിക്കുന്ന വരവ് - 21,32,84,350

ആകെ - 22,37,12,554

പ്രതീക്ഷിക്കുന്ന ചിലവ് - 21,95,43,630

മിച്ചം -41,68,924

പദ്ധതി വിഹിതത്തിൽ സേവനമേഖലക്ക് പ്രാമുഖ്യം നൽകിയാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

സേവന മേഖലക്ക് - 18,56,43,630 രൂപയും

പശ്ചാത്തല മേഖലക്ക് - 2,25,,00,000 രൂപയും

ഉൽപ്പാദന മേഖലക്ക് - 1,14,00,000 രൂപയും

കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം എന്നുപറയുന്നത് വസ്തുനികുതിയും തൊഴിൽ നികുതിയും വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ ഇനത്തിലുള്ള വരുമാനമാണ്.ഈ മേഖലയിൽ കെട്ടിട നിർമ്മാണ മേഖലയിലെ അനധികൃത നിർമ്മാണവും മറ്റും തടഞ്ഞ് പെർമിറ്റ് ഫീ ഇനത്തിലും നികുതി ഇനത്തിലും വരുമാന വർദ്ധനവ് ബജറ്റ് ലക്ഷ്യമിടുന്നു.ഗ്രാമപഞ്ചായത്തിലെ മുഴുവൻ വ്യാപാര വാണിജ്യ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവന്നുകൊണ്ട് ലൈസൻസ് ഫീ,തൊഴിൽ നികുതി ഇനത്തിലും വലിയൊരു വരുമാനം പ്രതീക്ഷിക്കുന്നു.

ഉൽപ്പാദനമേഖലയിൽ പദ്ധതി തുകയുടെ 15 % തുക നീക്കിവെച്ചിട്ടുണ്ട്. കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ തരിശായി കിടക്കുന്ന പാടങ്ങൾ മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും ജന പ്രതിനിധികളുടേയും സഹായത്തോടെ വിഭവ സമാഹരണം നടത്തി കൃഷിയോഗ്യമാക്കി കാർഷികോൽപ്പാദനം വർദ്ധിപ്പാക്കാനാണ് ബജറ്റ് ലക്ഷ്യമിടുന്നത്.നെല്ലുൽപ്പാദന മേഖലയിലും

പച്ചക്കറി മേഖലയിലും നേന്ത്രവാഴ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ബജറ്റ് ഊന്നൽ നൽകുന്നു.

വളർത്തുമൃഗങ്ങളുടെ പരിപാലനവും , സംരക്ഷണവും സാധാരണ ജനങ്ങളുടെ ഉപജീവനവും ,പാലുൽപ്പാദന വർദ്ധനവും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾക്ക് ബജറ്റിൽ 62,00,000 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക കന്നുകുട്ടി പരിപാലനം, വനിതകൾക്ക് സ്വന്തം വരുമാനം കണ്ടെത്തുന്നതിനും കോഴിമുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതും പദ്ധതി കാണുന്നുണ്ട്. വനിതകൾക്ക് വരുമാന മാർഗ്ഗമായി പശു വളർത്തൽ, ആടു വളർത്തൽ എന്നിവയും കറവപ്പശുക്കൾക്ക് കാലിത്തീറ്റ പദ്ധതിയും പദ്ധതി വിഭാവനം ചെയ്യുന്നു.

ഉൽപ്പാദന ചിലവിന്റെ വർദ്ധനവ് കാരണം പ്രതിസന്ധിയിലാവുന്ന ക്ഷീരകർഷകരെ സഹായിക്കുന്നതിനായി പാലിന് സബ്സിഡി എന്ന പദ്ധതി വിഭാവനം ചെയ്യുന്നു.

മണ്ണ് ജലസംരക്ഷണത്തിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതി ഉപയോഗിച്ച് സാധ്യതയുള്ള മുഴുവൻ വീടുകളിലും കിണർ റീചാർജ്ജ് പദ്ധതിയും നടപ്പിലാക്കുന്നതാണ്.

സേവന മേഖലയിൽ

ഭൂരഹിതർക്ക് ഭൂമിയും എല്ലാ ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീട് നൽകുന്നതിനായി ആവിഷ്കരിച്ച കേരള സർക്കാറിന്റെ സ്വപ്ന പദ്ധതിയായ ലൈഫ് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി 1,25,00,000 രൂപ നീക്കിവെച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കൂടുതൽ ജനസംഖ്യയും ജനങ്ങൾ തിങ്ങിപാർക്കുകയും ചെയ്യുന്ന പറമ്പിൽ ബസാറിൽ മാലിന്യം ശേഖരിക്കുന്നതിന് വേണ്ടി സ്ഥാപിച്ച കെട്ടിടം കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ട്. അതിനാവശ്യമായ തുക ബജറ്റിൽ നീക്കിവെക്കുന്നു. അതോടൊപ്പം ഗ്രാമപഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളിലും മാലിന്യം നീക്കം ചെയ്യുന്നതിനുമായി കെട്ടിടം സ്ഥാപിക്കേണ്ടതുണ്ട്. അതിനാവശ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം സ്ഥാപിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.മാലിന്യം നീക്കം ചെയ്യുന്നതിന് 25 ലക്ഷം രൂപയും റിംഗ് കമ്പോസ്റ്റിന് 5 ലക്ഷം രൂപയും ഭവന പദ്ധതി തിരിച്ചടവിനായി 9 ലക്ഷം രൂപയും നീക്കിവെച്ചിട്ടുണ്ട്.

നിലവിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ തെരുവ് വിളക്കുകളും പൂർണ്ണമായി മാറ്റി എൽ.ഇ.ഡി ആക്കുന്നതിന് മൂന്ന് വർഷത്തേക്ക് കരാർ വെച്ച് പദ്ധതി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.35 വാൾട്ടിന്റെ 1293 എൽ.ഇ.ഡി ബൾബും 100 വാൾട്ടിന്റെ 50 എണ്ണവും ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ട്. തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിനും കൂടുതൽ എല്ലാ ഗ്രാമങ്ങളിലും

വെളിച്ചമെത്തിക്കുന്നതിനും വേണ്ടി പദ്ധതിയിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.കൂടാതെ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് പയിമ്പ്ര, പണ്ടാരപറമ്പ്, കുമ്മങ്ങോട്ടുത്താഴം,ചെറുവറ്റ, പറമ്പിൽ ബസാർ എന്നിവിടങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

പ്രായാധിക്യം,ഗുരുതര രോഗം,അതിദാരിദ്ര്യം തുടങ്ങി പല വിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവരുടേയും അറിവില്ലായ്മയും മറ്റ് നിസ്സഹായസ്ഥയും മൂലം സർക്കാർ സേവനങ്ങൾ യഥാസമയം ലഭിക്കാതെ വരുന്ന ജനവിഭാഗങ്ങളുടെ അടുത്തേക്ക് സന്നദ്ധ സേനാംഗങ്ങളോ അനുബന്ധ സേവനദാതാക്കളോ വീടുകളിൽ നേരിട്ടെത്തി സർക്കാറിന്റെ സാമൂഹ്യക്ഷേമ സേവനങ്ങൾ ലഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ പ്രദാനം ചെയ്യുന്നതിന് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ രൂപം നൽകിയ വാതിൽപ്പടി സേവനപദ്ധതിക്ക് ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ബജറ്റ് പ്രത്യേക പരിഗണന നൽകുന്നു.

സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് ടെയ്ക്ക് എ ബ്രേക്കിന് സമീപം കുടുംബശ്രീ കഫേ ആരംഭിക്കാനും ഗ്രാമപഞ്ചായത്തിന്റെ മറ്റ് പ്രദേശങ്ങളിലും കുടുംബശ്രീയുമായി സഹകരിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ആയിരം ജനസംഖ്യക്ക് അഞ്ചുപേർക്ക് തൊഴിൽ നൽകുന്ന സംസ്ഥാന സർക്കാറിന്റെ പദ്ധതിൽ കീഴിൽ കുടുംബശ്രീക്ക് കീഴിൽ മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊഴിൽ നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ബജറ്റ് ലക്ഷ്യമിടുന്നു.

ഗ്രാമീണ മേഖലയിൽ എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിന് കേന്ദ്ര സംസ്ഥാന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിക്ക് 25 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി കണ്ടെത്തി പദ്ധതി നടപ്പിലാക്കുവാനാണ് ആലോചിക്കുന്നത്. കൂടാതെ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ നവീകരണ പ്രവൃത്തികളും പൂർത്തിയാക്കുന്നതോടെ ഗ്രാമപഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം മുഴുവനായി പരിഹരിക്കാൻ കഴിയുന്നതാണ്.

. ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ പെൻഷൻ പറ്റുന്നവരുടെ എണ്ണം ആണ്. ഇത് പ്രായമായവർക്കും മറ്റ് വരുമാനമില്ലാത്തവർക്കും മരുന്നിനും മറ്റും വലിയൊരു ആശ്വാസമാണ് നൽകുന്നത്. ഈ മേഖലയിൽ 7,16,15,000 രൂപ നീക്കിവെച്ചിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ ഗവ.എൽ.പി സ്ക്കൂളിൽ പ്രഭാത ഭക്ഷണം പരിപാടിക്ക് പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ട്.

സമൂഹത്തിന്റെ ഉൾത്തുടിപ്പാകുന്ന അംഗനവാടികളുടെ നടത്തിപ്പിനായി ആവശ്യമായ വകയിരുത്തലുകൾ നടത്തിയിട്ടുണ്ട്. പോഷകാഹാരത്തിന് 25 ലക്ഷം രൂപയും അംഗനവാടികളുടെ നവീകരണത്തിനും ബജറ്റ് ഊന്നൽ നൽകുന്നു. .കൂടാതെ എല്ലാ അംഗൻവാടികളിലും വെള്ളവും വൈദ്യുതിയും എത്തിക്കുന്നതിനും പദ്ധതിയുണ്ട്.നിലവിൽ 6 കെട്ടിടങ്ങൾ വാടകക്കാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മുറക്ക് മറ്റ് ഏജൻസികളുടെ സഹായത്തോടെ വാടകക്ക് പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പരിശ്രമിക്കുന്നതാണ്.

വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ, മൃഗാശുപത്രി എന്നിവക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിന് എം.എൽ.എ യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് 1 കോടി രൂപ വകയിരുത്തി പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൃഷിഭവനും മൃഗാശുപത്രിയും സ്വന്തമായ കെട്ടിടത്തിലേക്ക് മാറുന്നതോടുകൂടി ഈ മേഖലയിൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്താൻ ഗ്രാമപഞ്ചായത്തിന് സാധിക്കും.

കായികമേഖലയിലെ ഉന്നമനത്തിനും കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനും ലക്ഷ്യം വെച്ച് കൊണ്ട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പറമ്പിൽ സ്റ്റേഡിയം ആധുനിക വൽക്കരിക്കുന്നതിനും പുതിയ സാങ്കേതിക സംവിധാനം ഉപയോഗിച്ച് ഓപ്പൺ എയൺ തിയ്യേറ്റർ സ്ഥാപിക്കുന്നതിന് ജില്ലാപഞ്ചായത്ത് വിഹിതം, എം.എൽ.എ ഫണ്ട് എന്നിവ ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

ഭിന്നശേഷിക്കാരുടെ മാനസിക ശാരീരിക ഉന്നമനം ലക്ഷ്യമിട്ട് ആരംഭിച്ച ബഡ്സ് സ്കൂളിന്റെ മികവുറ്റ നടത്തിപ്പിനായി സ്കോളർഷിപ്പിന് 7 ലക്ഷം രൂപയും ജീവനക്കാരുടെ ഹോണറേറിയമായി 9,40,500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രാധാന്യവും പങ്കും എത്രമാത്രം വലുതാണെന്ന് കഴിഞ്ഞുപോയ കൊറോണ കാലം നമ്മെ പഠിപ്പിക്കുന്നു.ആരോഗ്യമേഖലയുടെ വികസനം ഏതൊരു സാധാരണക്കാരനും പ്രാപ്യമാക്കുന്ന രീതിയിൽ ആയുർവേദ ഡിസ്പെൻസറിയും ഹോമിയോ ഡിസ്പെൻസറിയും ഇനിയും വികസിപ്പിക്കുന്നതിന് ബജറ്റിൽ പ്രത്യേകം പരാമർശിക്കുന്നു. നമ്മുടെ പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയത് വൈകുന്നേരം വരെ രോഗികളെ പരിശോധിക്കുന്നതിനും മരുന്ന് ലഭ്യമാകുന്നതിനും സഹായകമാവുന്നു.

കുടുംബാരോഗ്യ കേന്ദ്രത്തിന് എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ പുതിയ കെട്ടിടം മറ്റ് സർക്കാർ സംവിധാനം ഉപയോഗപ്പെടുത്തി നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്.

ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് 1 കോടി 15 ലക്ഷം നീക്കിവെച്ചിട്ടുണ്ട്.

വിഭവങ്ങൾ പൂർണ്ണമായും വിനിയോഗിച്ച് നമ്മുടെ ഗ്രാമത്തിന്റെ സമഗ്ര വികസനം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനായുള്ള ക്രിയാത്മകമായ ചർച്ചകൾ മെമ്പർമാരിൽ നിന്ന് ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു. ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.